(സി) 28-5-2014-ലെ സ.ഉ.(സാധാ) 708/14/പൊ.മ.വ. പ്രകാരം ആലപ്പുഴ, എറണാകുളം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷനുകളിലെ 274 കി.മീ. ദൈർഘ്യം വരുന്ന റോഡുകളിലെ കുഴിയടയ്ക്കുന്നതിന് M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന "Python 5000" എന്ന Pothole patching equipment ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ട് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പണി ഏറ്റെടുക്കുവാനായി മുന്നോട്ടുവന്ന കമ്പനി പിൻവാങ്ങിയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആയിട്ടില്ല.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

യു.ജി.സി. ശമ്പള പരിഷ്കരണ പാക്കേജ്

1(2829) ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ യു.ജി.സി. ശമ്പള പരിഷ്കരണ പാക്കേജ് പ്രകാരം ലഭിക്കേണ്ട സാമ്പത്തിക സഹായം ലഭിക്കുന്നതിൽ തടസ്സങ്ങളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) യു.ജി.സി.-യുടെ 2010-ൽ നടപ്പാക്കിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പ്ലേയ്സ്മെന്റുകൾ അദ്ധ്യാപകർക്ക് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 2010-ലെ യു.ജി.സി. റഗുലേഷൻസ് പ്രകാരം പ്ലേയ്സ്മെന്റുകൾ അക്കാഡമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എ.പി.ഐ.) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ടത്. പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സി-ആപ്റ്റിന്റെ പ്രവർത്തനങ്ങൾ

2(2831) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സി-ആപ്റ്റ് എന്ന സ്ഥാപനത്തിൽ ഈ സർക്കാർ വന്നതിനുശേഷം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സി-ആപ്റ്റിന്റെ വിറ്റുവരവ് എത്രയായിരുന്നെന്നും ഇപ്പോഴത്തെ വിറ്റ് വരവ് എത്രയെന്നും വിശദീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പ്രതിവാര ലോട്ടറി ടിക്കറ്റുകൾ അച്ചടിച്ചിരുന്നുവെന്നും ഇപ്പോൾ എത്ര ടിക്കറ്റുകൾ അച്ചടിക്കുന്നുണ്ടെന്നും വിശദമാക്കാമോ ;

(ഡി) ജീവനക്കാർക്ക് ഈ സർക്കാരിന്റെ കാലത്ത് ശമ്പളം കുടിശ്ശികയുണ്ടോയെന്നും എന്തെല്ലാം ആനുകൂല്യങ്ങൾ പുതുതായി നൽകിയെന്നും വിശദമാക്കുമോ ;

(ഇ) ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിന് വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്ക് എടുത്തതുവഴി സെന്ററിന് ഉണ്ടായ നേട്ടങ്ങളെ സംബന്ധിച്ച് എ.ജി.യുടെ പരമാർശം ഉണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) പുതിയ യന്ത്രസംവിധാനം ഏർപ്പെടുത്തുന്നതിനെതിരെ സ്വകാര്യ അച്ചടിശാലകളുടെ ലോബികൾ പ്രചരണം നടത്തുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ജി) പുതിയ യന്ത്രസംവിധാനം അടിയന്തരമായി ഏർപ്പെടുത്തി സി-ആപ്റ്റിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ശമ്പള കുടിശ്ശിക ഭൂരിഭാഗം കൊടുത്തു തീർക്കുകയും ശേഷിക്കുന്ന കുടിശ്ശികയുടെ അന്തിമ കണക്ക് തയ്യാറാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതുമാണ്. ജീവനക്കാരുടെ ദീർഘകാല ആവശ്യമായ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. സെന്ററിന്റെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക നൽകിയതും ഈ സർക്കാരിന്റെ കാലത്താണ്. വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് സെന്ററിൽ ഗ്രാറ്റുവിറ്റി ഫണ്ട് ആരംഭിക്കാനും ഉദ്ദേശം ഒരു കോടി രൂപ ആ ഫണ്ടിൽ നിക്ഷേപിക്കാനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ഷേമത്തിനായി സി-ആപ്റ്റിന്റെയും ജീവനക്കാരുടെയും സഹകരണത്തോടെ സി-ആപ്റ്റ് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. നീണ്ട 20 കൊല്ലത്തിനുശേഷം സെന്ററിൽ പുതിയ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. ഒരു പുതിയ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) 2012-13-ന് ശേഷം വാർഷിക കണക്ക് സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ വിറ്റുവരവ് എത്രയെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2010-11 വർഷത്തിൽ പ്രതിവർഷം 5,53,00,000 ടിക്കറ്റ് അച്ചടിച്ചിരുന്ന സെന്റർ 2014-15 വർഷത്തിൽ 6 ഇരട്ടി വർദ്ധിച്ച് 30,97,50,000 ടിക്കറ്റ് ആയിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് ശമ്പള കുടിശ്ശിക ഭൂരിഭാഗം കൊടുത്തു തീർക്കുകയും ശേഷിക്കുന്ന കുടിശ്ശികയുടെ അന്തിമ കണക്ക് തയ്യാറാകുന്ന മുറയ്ക്ക് കൊടുത്തുതീർക്കുന്നതുമാണ്. ജീവനക്കാരുടെ ദീർഘകാല ആവശ്യമായ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് ഈ സർക്കാരിന്റെ കാലത്താണ്. സെന്ററിന്റെ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക നൽകിയതും ഈ സർക്കാരിന്റെ കാലത്താണ്. വിരമിക്കുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് സെന്ററിൽ ഗ്രാറ്റുവിറ്റി ഫണ്ട് ആരംഭിക്കാനും ഉദ്ദേശം ഒരു കോടി രൂപ ആ ഫണ്ടിൽ നിക്ഷേപിക്കാനും സാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ഷേമത്തിനായി സി-ആപ്റ്റിന്റെയും, ജീവനക്കാരുടെയും സഹകരണത്തോടെ സി-ആപ്റ്റ് എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്താണ്.

(ഇ) ഉണ്ട്. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി ടിക്കറ്റ് പ്രിന്റ് ചെയ്യുന്നതും വാടകയ്ക്കെടുത്ത മെഷീൻ ഉപയോഗിച്ച് പ്രിന്റ് ചെയ്യുമ്പോഴും ഉണ്ടാവുന്ന ചെലവിനെ സംബന്ധിച്ച് എ.ജി. നടത്തിയ താരതമ്യ പഠന പ്രകാരം നിലവിലുള്ള പ്രിന്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തിയാൽ ഒരു ടിക്കറ്റിന് 0.06 രൂപ നിരക്കും വാടകയ്ക്കെടുത്ത മെഷീൻ ഉപയോഗിച്ചാൽ ഒരു ടിക്കറ്റ് പ്രിന്റ് ചെയ്യാൻ 0.12 രൂപ നിരക്കും സി-ആപ്റ്റിന് ചെലവ് വരുന്നുണ്ട്. ഇതിൽ നിന്ന് വ്യക്തമാക്കുന്നത് വാടകയ്ക്കെടുത്ത മെഷീൻ ഉപയോഗിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ സി-ആപ്റ്റിന് സ്വന്തം പ്രിന്റിംഗ് സംവിധാനം പ്രയോജനപ്പെടുത്തി പ്രിന്റിംഗ് ജോലികൾ ചെയ്യാൻ കഴിയും എന്നുള്ളതാണ്.

നിലവിലുള്ള സംവിധാനത്തിനു പുറമേ സി-ആപ്റ്റ് വാടകയ്ക്കെടുക്കുന്ന മെഷീന്റെ അതേ കപ്പാസിറ്റിയുംഉള്ള ഒരു പുതിയ മെഷീൻ വാങ്ങിയിരുന്നെങ്കിൽ എല്ലാ ചെലവും ഉൾപ്പെടെ ഒരു ടിക്കറ്റ് അച്ചടിക്കുന്നതിന് 0.02 രൂപ മാത്രമേ ചെലവ് വരികയുള്ളൂ. മെഷീൻ വാടകയ്ക്കെടുക്കുന്നതിലൂടെ സി-ആപ്റ്റിന് 9.63 ലക്ഷം രൂപയുടെ ലാഭമുണ്ടായെങ്കിലും ഒരു പുതിയ മെഷീൻ വാങ്ങി പ്രിന്റിംഗ് വർക്ക് ചെയ്തിരുന്നെങ്കിൽ സി-ആപ്റ്റിന് പ്രതിമാസം 29.09 ലക്ഷം രൂപയും പ്രതിവർഷം 349.07 ലക്ഷം രൂപയും ലാഭമുണ്ടായിരുന്നേനേ എന്നും പ്രസ്തുത റിപ്പോർട്ടിൽ എ. ജി. പരാമർശിക്കുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഒരു പുതിയ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly